**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ലയിലെ മുളക്കുളം ഗ്രാമ പഞ്ചായത്തിന്റെ 2004-05 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.1 പ്രകാരം തടസ്സപ്പെടുത്തിയ 40,752/- രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

**സ.ഉ (സാധാ) നം.1002/19/തസ്വഭവ.** തിരുവനന്തപുരം, തീയതി: **16/05/2019**

---

**പരാമർശം:-** 1) മുളക്കുളം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 28/09/2016 ലെ എ 3-809/2008 നമ്പർ കത്ത്

2) പഞ്ചായത്ത് ഡയറക്ടറുടെ 09/01/2018-ലെ എം3- 36280/17 നമ്പർ കത്ത്.

3) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 08/05/2018 ലെ കെ എസ് എ/2290/പി റ്റി 1/2018 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോട്ടയം ജില്ലയിലെ മുളക്കുളം ഗ്രാമ പഞ്ചായത്തിന്റെ 2004-05 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.1 പ്രകാരം സ്വകാര്യസ്ഥാപനത്തിന് 12,500 ലിറ്റർ സംഭരണ ശേഷിയുള്ള 2 ഫെറോസിമെന്റ് മഴവെള്ള സംഭരണികൾ നിർമ്മിച്ചുനൽകിയതിന് ചെലവായ 40,752/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു.

2) ആയതിന് സർക്കാർ സാധൂകരണം നൽകുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ, 28/09/2016 ലെ III (12) -ാം നമ്പർ ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം, ഓഡിറ്റ് പരാമർശത്തിന്റെ പകർപ്പ്, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 08/05/2017 ലെ ശുപാർശ എന്നിവ സഹിതം പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിൽ അപേക്ഷ നൽകിയിട്ടുണ്ട്. ആഡിറ്റ് റിപ്പോർട്ടിൽ തടസ്സപ്പെടുത്തിയിരിക്കുന്ന തുക ചെലവഴിക്കേണ്ടിവന്ന സാഹചര്യം പഞ്ചായത്ത് ഭരണസമിതി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

3) പൂഴിക്കോൽ മാർത്താസ് ഭവൻ എന്ന സ്ഥാപനം ശാരീരിക മാനസിക വൈകല്യമുള്ളവരെ പ്രതിഫലേച്ഛ കൂടാതെ സംരക്ഷിക്കുന്ന ഒരു സ്ഥാപനമാണെന്നും അഗതികളെ സംരക്ഷിക്കുന്ന പ്രസ്തുത സ്ഥാപനത്തെ സഹായിക്കുക എന്ന വ്യക്തമായ ഉദ്ദേശ്യമാണ് ഗ്രാമപഞ്ചായത്ത് നിറവേറ്റിയതെന്നും വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശത്ത് മഴവെള്ള സംഭരണി നിർമ്മിച്ച് നൽകിയത് കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനാണെന്നുള്ള പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനം, ജില്ലാതല മോണിറ്ററിംഗ് സമിതിയുടെ അനുകൂല ശുപാർശ എന്നിവ പരിഗണിച്ച് ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കരുതെന്ന നിർദ്ദേശത്തോടെ ഓഡിറ്റ് തടസ്സത്തിന് സാധൂകരണം നൽകുന്നതിൽ ഓഡിറ്റ് വകുപ്പിന് എതിരഭിപ്രായം ഇല്ലെന്നും ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിരിക്കുന്നു.

4) സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. ഖണ്ഡിക 3.1 പ്രകാരം ആഡിറ്റ്

റിപ്പോർട്ടിൽ പരാമർശിക്കുന്ന വിധത്തിൽ തുക ചെലവഴിക്കേണ്ടിവന്ന സാഹചര്യം പഞ്ചായത്ത് ഭരണസമിതി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ശാരീരിക മാനസിക വൈകല്യമുള്ളവരെ സംരക്ഷിക്കുന്ന സ്ഥാപനത്തെ സഹായിക്കുക എന്ന ഉദ്ദേശ്യത്തോടെ വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശത്താണ് മഴവെള്ള സംഭരണി നിർമ്മിച്ചു നൽകിയത്. ഈ വിഷയത്തിലെ പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ അനുകൂല ശുപാർശ, സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ അഭിപ്രായം എന്നിവ പരിഗണിച്ച് ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കരുതെന്ന നിർദ്ദേശത്തോടെ, കോട്ടയം ജില്ലയിലെ മുളക്കുളം ഗ്രാമ പഞ്ചായത്തിന്റെ 2004-05 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.1 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ 40,752/- (നാൽപതിനായിരത്തി എഴുന്നൂറ്റി അൻപത്തി രണ്ട് രൂപ മാത്രം) രൂപയ്ക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**വി.എസ്.സന്തോഷ്**
**അണ്ടർ സെക്രട്ടറി**

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
സെക്രട്ടറി, മുളക്കുളം ഗ്രാമപഞ്ചായത്ത്, കോട്ടയം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**